പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.884 — 09.08.2017-ലെ മറുപടി

# കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.വീണാ ജോർജ്ജ് : | | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| എ) | വരൾച്ച കൂടി വരുന്ന സാഹചര്യത്തിൽ വരും വർഷങ്ങളിലെ കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുവാൻ സമഗ്ര കുടിവെള്ള പദ്ധതിക്ക് രൂപം നൽകുമോ; | എ) | KIIFB, AMRUT, NRDWP, NABARD, State Plan തുടങ്ങിയവയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ എല്ലാ വീടുകളിലും കുടിവെള്ളമെത്തിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്.<br>ലോകബാങ്ക് ധനസഹായത്തോടു കൂടി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് ജനപങ്കാളിത്തത്തോടുകൂടി ഗ്രാമീണ മേഖലയിൽ നടപ്പാക്കുന്ന പദ്ധതിയാണ് ജലനിധി പദ്ധതി. പദ്ധതിയിൽ അംഗങ്ങളാകുന്ന എല്ലാ കുടുംബങ്ങൾക്കും വീടുകളിൽ കുടിവെള്ളമെത്തിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. നിലവിൽ ഏറ്റെടുത്ത പദ്ധതി പ്രവർത്തനങ്ങൾ 2018 ഡിസംബറിനുള്ളിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. കൂടുതൽ പഞ്ചായത്തുകളിലെ വീടുകളിൽ കുടിവെള്ളമെത്തിക്കുന്ന (ഏതാനും ബൃഹദ് പദ്ധതികൾ ഉൾപ്പെടെയുള്ള) വിവിധ പദ്ധതികളടങ്ങുന്ന പ്രൊപ്പോസൽ ലോകബാങ്കിന്റെ അധിക സഹായം ലഭ്യമാക്കുന്നതിനായി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | കുടിവെള്ളം സംഭരിക്കുന്നതിനായി നദികളിൽ കൂടുതൽ തടയണകൾ നിർമ്മിക്കുന്ന ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിക്കുമോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കിഫ്ബിയിൽ ഉൾപ്പെടുത്തി ഷൊർണ്ണൂർ മുനിസിപ്പാലിറ്റിക്കും വാണിയംകുളം പഞ്ചായത്തിനും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി ചെറുതുരുത്തി പാലത്തിന് സമീപം ഭാരതപ്പുഴയ്ക്കു കുറുകെ തടയണ നിർമ്മിക്കുന്നതിന് 35 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ ദർഘാസ് നടപടികൾ പുരോഗമിച്ചു വരുന്നു. 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 30 റെഗുലേറ്ററുകൾ കിഫ്ബി മുഖേന നിർമ്മിക്കുന്നതിന് 600 കോടി രൂപാ ചിലവാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.<br>ഇതുകൂടാതെ നേവൽ അക്കാദമി, കയ്യൂർ ചീമേനി കുടിവെള്ള പദ്ധതികൾക്കു വേണ്ടി കാര്യങ്കോട് പുഴയിലും എൻമകജെ കുടിവെള്ള പദ്ധതിക്കുവേണ്ടി കാസർഗോഡ് ഷിറിയ പുഴയിലും സ്ഥിരം തടയണയുടെ പ്രവൃത്തി പുരോഗമിച്ചു വരുന്നു. കൂടാതെ വേനൽക്കാലങ്ങളിൽ കുടിവെള്ളം സംഭരിക്കുന്നതിനായി താൽക്കാലിക തടയണകളും നിർമ്മിച്ചു വരുന്നു. നദികളിൽ കൂടുതൽ തടയണകൾ നിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.<br>ജലനിധി പദ്ധതികളിൽ കുടിവെള്ള സ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പു വരുത്താൻ നദികളിൽ തടയണകൾ നിർമ്മിക്കുന്നുണ്ട്. |
| സി) | കുപ്പിവെള്ളം കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി ജലവിഭവ വകുപ്പ് സ്വന്തമായി പ്ലാന്റുകൾ നിർമ്മിച്ച് കുപ്പിവെള്ള വിതരണം ചെയ്യുന്നതിനായി നടപടികൾ സ്വീകരിക്കുമോ? | സി) | തിരുവനന്തപുരം അരുവിക്കരയിൽ ഒരു കുപ്പിവെള്ള പ്ലാന്റിന്റെ (7200 ലിറ്റർ/മണിക്കൂർ) പണി നടന്നു വരികയാണ്. സിവിൽ ജോലികൾ 95 ശതമാനം പൂർത്തിയായി. ഇലക്ട്രിക്കൽ, മെക്കാനിക്കൽ ജോലികൾ നടന്നു വരുന്നു.<br>കുപ്പിവെള്ളം കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നത് MRP (Maximum Retail Price) നിശ്ചയിക്കുന്ന സമയത്ത് വിവിധ വിലനിർണ്ണയ ഘടകങ്ങൾ പരിശോധിച്ച ശേഷം പരിഗണിക്കാവുന്നതാണ്. |

Renuka Sankar

സെക്ഷൻ ഓഫീസർ